സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യാന്വേഷണ പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 25 വ്യാഴം
ptnizar@rediffmail.com 9037319971
www.peoplesreview.co.in
PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിജാബ് ധരിക്കാം; നിരോധനം നീക്കാൻ മുഖ്യമന്ത്രി സിദ്ധരാമയ്യ

ബംഗളൂരു: ബി.ജെ.പി സർക്കാർ ഏർപ്പെടുത്തിയ ഹിജാബ് നിരോധനം കർണാടകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നീക്കാൻ സിദ്ധരാമയ്യ സർക്കാർ. മന്ത്രിസഭ പൂർണമായും വികസിപ്പിച്ചതിന് ശേഷമായിരിക്കും ഇക്കാര്യം സംബന്ധിച്ച തീരുമാനം ഉണ്ടാവുക. കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ഉൾപ്പെട്ടതാണ് ഹിജാബ് നിരോധനം നീക്കൽ. അതിനാൽ തന്നെ ആദ്യ പൂർണമന്ത്രിസഭാ യോഗത്തിൽ ഇതുസംബന്ധിച്ചുള്ള തീരുമാനം സർക്കാർ എടുക്കും.




ഹിജാബ് നിരോധനവുമായി ബന്ധപ്പെട്ട് മുസ്ലിം വിദ്യാർഥിനികൾ സമർപ്പിച്ച ഹർജിയിൽ സുപ്രീംകോടതി ഭിന്നവിധി പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഹരജി സുപ്രീംകോടതി ബെഞ്ചിന്റെ പരിഗണനയിലാണ്.

## പത്തനംതിട്ട കുമ്പളത്താമണ്ണിൽ കടുവയുടെ ആക്രമണം പതിവാകുന്നു; ജനം ഭീതിയിൽ

പത്തനംതിട്ട: പത്തനംതിട്ട വടശ്ശേരിക്കര കുമ്പളത്താമണ്ണിൽ കടുവയുടെ ആക്രമണം പതിവാകുന്നു. തുടർച്ചയായ മൂന്നാം ദിവസമാണ് നാട്ടിൽ കടുവയിറങ്ങുന്നത്. തിങ്കളാഴ്ച രാത്രി വടശ്ശേരിക്കര ചെമ്പരത്തിൻമൂട് ഭാഗത്തിറങ്ങിയ കടുവ ബൗണ്ടറി വലിയമണ്ണിൽ പി.ടി സദാനന്ദന്റെ ആറ് മാസം പ്രായമുള്ള ആട്ടിൻകുട്ടിയെ കൊന്നു. ആട്ടിൻകുട്ടിയുടെ അവശിഷ്ടങ്ങൾ വീടിന് 200 മീറ്റർ അകലെ കണ്ടെത്തി. ഇന്നലെ രാവിലെ ആറോടെ കടുവയെ വീണ്ടും കണ്ടെന്നും തലനാരിഴക്കാണ് രക്ഷപ്പെട്ടതെന്നും ടാപ്പിംഗ് തൊഴിലാളിയായ ചുരയ്ക്കാട് റെജി ജോൺ പറഞ്ഞു. തൊട്ടടുത്ത റബർ മരത്തിൽ വലിഞ്ഞുകയറാൻ ശ്രമിച്ചെങ്കിലും റെജി താഴെ വീണു. ഇവിടെ നിന്ന് എഴുന്നേറ്റോടി വീടിന് പുറത്തെ ശുചിമുറിയിൽ കയറി കതക് അടയ്ക്കുകയായിരുന്നു.

## കാട്ടുപോത്തിന്റെ ആക്രമണത്തിൽ നടപടി എടുക്കാഞ്ഞത്

# ഇത്തരം സംഭവം മുമ്പ് ഉണ്ടാകാത്തത് കൊണ്ടാണെന്ന മന്ത്രിയുടെ വാദം തെറ്റ്

തിരുവനന്തപുരം: കാട്ടുപോത്തിന്റെ ആക്രമണം തടയാൻ നടപടി എടുക്കാഞ്ഞത് ഇത്തരം സംഭവം സംസ്ഥാനത്ത് മുമ്പ് ഉണ്ടാകാത്തതു മൂലമെന്ന മന്ത്രി എ.കെ.ശശീന്ദ്രന്റെ വാദം തെറ്റെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സ്വന്തം വകുപ്പിലുള്ളവർ തന്നെ കൊല്ലപ്പെട്ടിട്ടും ആക്രമണത്തിനിരയായിട്ടും മുമ്പ് ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ലെന്ന് മന്ത്രി പറഞ്ഞത് വിചിത്രമാണ്.2016 ഫെബ്രുവരി ഒന്നു മുതൽ ഈ വർഷം മാർച്ച് ആറ് വരെ 20 സ്ഥലത്തെങ്കിലും കാട്ടുപോത്തിന്റെ ആക്രമണം ഉണ്ടായെന്നും ഇതിൽ എട്ട് പേർ കൊല്ലപ്പെട്ടുവെന്നും 12 പേർക്ക് പരുക്കേറ്റെന്നുമാണ് അനൗദ്യോഗിക കണക്കുകൾ. മരിച്ച എട്ട് പേരിൽ വനം വകുപ്പ് ഗൈഡും തോട്ടം തൊഴിലാളിയും ഇതര സംസ്ഥാന തൊഴിലാളി സ്ത്രീയും കർഷകനും ഉൾപ്പെടുന്നു. തിരുവനന്തപുരം, ഇടുക്കി, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലാണ് ആക്രമണങ്ങൾ. ഇടുക്കിയിൽ മൂന്നും തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കണ്ണൂർ, എറണാകുളം ജില്ലകളിൽ ഒന്നു വീതവും മരണവുമുണ്ടായി. കഴിഞ്ഞ 19ന് കോട്ടയം എരുമേലിയിലും കൊല്ലം ആയൂരിലും ഒരേ ദിവസം കാട്ടുപോത്ത് ആക്രമണത്തിൽ മൂന്നു പേർ കൊല്ലപ്പെട്ടതാണ് ഈ പട്ടികയിൽ ഒടുവിലത്തേത്.

## സർക്കാർ വകുപ്പുകളിലെ അഴിമതി; വിജിലൻസ് പിടിയിലായവരിൽ കൂടുതലും റവന്യു വകുപ്പിൽ

തിരുവനന്തപുരം: സർക്കാർ വകുപ്പുകളിലെ അഴിമതിക്കാരിൽ ഏറ്റവും കൂടുതൽ പേരെ വിജിലൻസ് കയ്യോടെ പിടിച്ചത് റവന്യുവകുപ്പിൽ നിന്നാണെന്ന് കണക്കുകൾ. വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത് മുതൽ മണ്ണ് നീക്കം ചെയ്യുന്നതിന് വരെ ആയിരം മുതൽ പതിനായിരം രൂപവരെ വാങ്ങിയവരാണ് പിടിയിലായത്. ഈ വർഷം ഇതുവരെ സേവനത്തിന് 'കിമ്പളം' വാങ്ങിയ 26 പേരെ വിജിലൻസ് പൊക്കി. അതിൽ ഒമ്പത് പേർ റവന്യു ഉദ്യോഗസ്ഥരാണ്.

2022ൽ 14 ഉദ്യോഗസ്ഥർ വിജിലൻസിന്റെ വലയിൽ കുടുങ്ങിയപ്പോൾ ഈ വർഷം ഇതുവരെ പിടിച്ചത് ഒമ്പത് പേരെയാണ്. ഇ-ഡിസ്ട്രിക്റ്റ് പേർട്ടൽ, ഇ-സാക്ഷരത അടക്കം വൻ നടപടികളാണ് അഴിമതി തുടച്ചുനീക്കാൻ റവന്യുവകുപ്പ് പ്രഖ്യാപിച്ചത്.

2022 ൽ കൈക്കൂലിക്കേസിൽ മാത്രം 14 റവന്യു ഉദ്യോഗസ്ഥരാണ് പിടിയിലായത്. ഈ വർഷം അത് ഇതുവരെ ഒമ്പതായി.

ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും സ്കെച്ചും നൽകുന്നതിന് , വരുമാന സർട്ടിഫിക്കറ്റ് നൽകാൻ, പട്ടയം നൽകുന്നതിന്, സ്ഥലത്തെ മണ്ണ് നീക്കം ചെയ്ത് ചുറ്റുമതിൽ കെട്ടാൻ അനുമതി നൽകാൻ തുടങ്ങി ആയിരം മുതൽ ഇരുപത്തിഅയ്യായിരം രൂപവരെ വാങ്ങിയവരാണ് പിടിയിലായത്. വസ്തു അളക്കാനും ഭൂമി തരംമാറ്റാനും പോക്ക് വരവ് നടത്താനും ഉദ്യോഗസ്ഥർ ആയിരം മുതൽ രണ്ടായിരം വരെ വാങ്ങുന്നു.

## പ്ലസ്ടു, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഫലം ഇന്ന് പ്രഖ്യാപിക്കും

തിരുവനന്തപുരം: ഈ വർഷത്തെ പ്ലസ്ടു, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളുടെ ഫലം ഇന്ന് പ്രഖ്യാപിക്കും. ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടിയാണ് ഫലം പ്രഖ്യാപിക്കുക. 4,32,436 കുട്ടികളാണ് ഹയർസെക്കന്ററിഫലം കാത്തിരിക്കുന്നത്. 28,405 കുട്ടികളാണ് വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷ എഴുതിയത്. ഔദ്യോഗിക ഫലപ്രഖ്യാപനത്തിന് ശേഷം നാല് മണി മുതൽ വെബ്സൈറ്റുകളിലും മൊബൈൽ ആപ്ലിക്കേഷനുകളിലും ഫലം അറിയാം. കഴിഞ്ഞ വർഷം 83.87 ശതമാനമായിരുന്നു വിജയം. ഇത്തവണ ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുണ്ട്.

# മണിപ്പൂരിൽ സംഘർഷം രൂക്ഷം; മന്ത്രിയുടെ വീട് തകർത്ത് അക്രമകാരികൾ

ഗുവാഹത്തി: മണിപ്പൂരിൽ വീണ്ടും സംഘർഷം രൂക്ഷം. സംഘർഷത്തിൽ പി.ഡബ്ല്യു.ഡി മന്ത്രി ഗോവിന്ദാസ് കോന്തൗജത്തിന്റെ വീട് തകർത്തു. ബിഷ്ണുപൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന വീടിന് നേർക്കാണ് ആക്രമം ഉണ്ടായത്. ബിഷ്ണുപൂർ ജില്ലയിലുണ്ടായ സംഘർഷത്തിൽ ഒരാൾ മരണപ്പെട്ടിട്ടുമുണ്ട്.

പ്രദേശവാസികളെ മറ്റ് സമുദായത്തിൽപ്പെട്ട തീവ്രവാദികളിൽ നിന്ന് സംരക്ഷിക്കാൻ വേണ്ടത്ര ഇടപെടൽ സർക്കാർ നടത്തുന്നില്ലെന്ന് ആരോപിച്ചായിരുന്നു ഒരു വിഭാഗം മന്ത്രിയുടെ വീടിന് നേർക്ക് തിരിഞ്ഞത്. അക്രമ സമയത്ത് മന്ത്രിയും കുടുംബാംഗങ്ങളും വീട്ടിൽ ഉണ്ടായിരുന്നില്ല. സ്ത്രീകളടങ്ങുന്ന ജനക്കൂട്ടം വീട് ആക്രമിക്കുകയായിരുന്നു.

ആക്രമണത്തിൽ ഗേറ്റിന്റെ ഒരു ഭാഗം, ജനലുകൾ, ഫർണിച്ചറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ നശിപ്പിക്കപ്പെട്ടു. ഒരിടവേളയ്ക്ക് ശേഷം ആണ് മണിപ്പൂരിൽ മെയ്തെയ്, കുകി വിഭാഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ രൂക്ഷമാകുന്നത്. ബിഷ്ണുപൂർ ജില്ലയിലെ മൊയ്രാങ് മേഖലയിലാണ് സംഘർഷം ആരംഭിച്ചത്. സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ബിഷ്ണുപൂർ, ഇംഫാൽ ഈസ്റ്റ്, ഇംഫാൽ വെസ്റ്റ് ജില്ലകളിൽ രാവിലെ അഞ്ച് മുതൽ വൈകീട്ട് നാല് വരെ അനുവദിച്ച കർഫ്യൂ ഇളവ് കേന്ദ്ര സർക്കാർ റദ്ദാക്കി. മണിപ്പൂരിലെ എട്ട് ജില്ലകളിൽ ഏർപ്പെടുത്തിയ ഇന്റർനെറ്റ് നിരോധനം സർക്കാർ നീട്ടിയേക്കും.



ഇംഫാലിൽ അക്രമകാരികൾ വാഹനങ്ങൾക്ക് തീയിട്ടപ്പോൾ

# സെക്രട്ടേറിയേറ്റ് ജീവനക്കാർക്ക് വിചിത്ര നിർദേശവുമായി സംസ്ഥാന സർക്കാർ

തിരുവനന്തപുരം: സെക്രട്ടേറിയേറ്റ് ജീവനക്കാർക്ക് വിചിത്ര നിർദേശവുമായി സംസ്ഥാന സർക്കാർ ഉത്തരവ്. വീട്ടിൽ നിന്നുള്ള മാലിന്യം സെക്രട്ടേറിയറ്റിൽ കൊണ്ട് വന്നു തള്ളുന്നത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് ഉത്തരവ്.

സെക്രട്ടേറിയറ്റ് വളപ്പിൽ നായ്ക്കൾക്ക് ഭക്ഷണം നൽകി സംരക്ഷിക്കരുത്, വെള്ളക്കുപ്പികളിൽ അലങ്കാര ചെടി വളർത്തരുത് തുടങ്ങിയ നിർദേശങ്ങളും സെക്രട്ടേറിയറ്റ് ഹൗസ് കീപ്പിങ് സെൽ നൽകിയ നിർദേശങ്ങളിൽ ഉണ്ട്.

ആവശ്യമെങ്കിൽ വേസ്റ്റ് ബിന്നുകൾ സിസിടിവി പരിധിയിൽ ആക്കും. ഉത്തരവ് ലംഘിച്ചാൽ നടപടി ഉണ്ടാകുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർമാർക്ക് നേരെ കൈയ്യേറ്റം; കിടപ്പുരോഗിയെ പോലിസ് അറസ്റ്റ് ചെയ്തു

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരെ കൈയ്യേറ്റം ചെയ്തെന്ന പരാതിയിൽ കിടപ്പുരോഗിയെ പോലിസ് അറസ്റ്റ് ചെയ്തു. മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗത്തിൽ ചികിത്സയിലുള്ള ബാലരാമപുരം സ്വദേശി സുധീർ ആണ് അറസ്റ്റിലായത്. ബുധനാഴ്ച വൈകീട്ട് ചികിത്സ സംബന്ധിച്ച തർക്കത്തെ തുടർന്ന് ഡോക്ടർമാരെ സുധീർ ഷർട്ടിൽ പിടിച്ച് തള്ളിയെന്നാണ് പരാതി.




കടുത്തശിക്ഷകൾ ഉൾപ്പെടുത്തി ആശുപത്രി സംരക്ഷണ നിയമം ഭേദഗതി ചെയ്തുള്ള ഓർഡിനൻസ് പുറത്തുവന്നതോടെ ആരോഗ്യപ്രവർത്തകർക്കെതിരേ വാക്കാലുള്ള അപമാനവും മൂന്നുമാസം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. ഓർഡിനൻസ് പുറത്തിറക്കിയ ഘട്ടത്തിൽ മന്ത്രി നൽകിയ വിശദീകരണത്തിലോ മുഖ്യമന്ത്രിയുടെ ഓഫിസ് നൽകിയ വാർത്താ കുറിപ്പിലോ ഇക്കാര്യം പരാമർശിച്ചിരുന്നില്ല.

കഴിഞ്ഞദിവസം ഗവർണർ ഒപ്പുവെച്ചശേഷം ഓർഡിനൻസ് പുറത്തിറങ്ങിയപ്പോഴാണ് ഇക്കാര്യം വ്യക്തമായത്. ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള ആക്രമണവും ആക്രമണത്തിന് പ്രേരിപ്പിക്കലുമാണ് തടവും പിഴയും കിട്ടാവുന്ന കുറ്റങ്ങളിൽ ഉൾപ്പെടുത്തിയിരുന്നതായി മന്ത്രിസഭ യോഗത്തിന് ശേഷമുള്ള കുറിപ്പിൽ സൂചിപ്പിച്ചിരുന്നത്. അക്രമം നടത്തുകയോ അക്രമത്തിന് ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ചെയ്താൽ ആറു മാസത്തിൽ കുറയാതെയും പരമാവധി അഞ്ചുവർഷം വരെയും തടവ് കിട്ടാമെന്നതായിരുന്നു ഭേദഗതി. ഒപ്പം കുറഞ്ഞത് 50,000 രൂപയും പരമാവധി രണ്ട് ലക്ഷം രൂപവരെയും പിഴ ലഭിക്കാം.

# ഏഴ് ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ 30% കൂട്ടി

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ പ്ലസ് വൺ സീറ്റുകൾ ഇത്തവണയും കൂട്ടി. മുൻ വർഷത്തേതിന് സമാനമായ രീതിയിൽ ഏഴ് ജില്ലകളിൽ സർക്കാർ സ്കൂളുകളിൽ 30% സീറ്റുകൾ വർധിപ്പിച്ചു. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ആണ് 30% കൂട്ടിയത്.

2022-23ൽ അനുവദിച്ച 81 താൽക്കാലിക ബാച്ചുകൾ തുടരാനും മാർജിനൽ സീറ്റ് വർധനവിനും മന്ത്രിസഭായോഗം അനുമതി നൽകി. ഈ അധ്യായന വർഷത്തെ പ്ലസ് വൺ ക്ലാസുകൾ ജൂലൈ അഞ്ച് മുതൽ ആരംഭിക്കും.2022-23 അധ്യയനവർഷം നിലനിർത്തിയ 18 സയൻസ് ബാച്ചുകളും 49 ഹ്യുമാനിറ്റീസ് ബാച്ചുകളും എട്ട് കോമേഴ്സ് ബാച്ചുകളും തുടരും.

താൽക്കാലികമായി അനുവദിച്ച രണ്ട് സയൻസ് ബാച്ചുകളും താക്കാലികമായി ഷിഫ്റ്റ് ചെയ്ത ഓരോ ഹ്യുമാനിറ്റീസ്, കോമേഴ്സ് ബാച്ചുകളും കണ്ണൂർ കെ.കെ. എൻ പരിയാരം സ്മാരക സ്കൂളിൽ താൽക്കാലികമായി അനുവദിച്ച ഒരു കോമേഴ്സ് ബാച്ചും ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഉൾപ്പെടെയുള്ള 81 താൽക്കാലിക ബാച്ചുകളാണ് തുടരുക. ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകൾക്ക് 10 ശതമാനം കൂടി മാർജിനൽ സീറ്റ് വർധനവ് അനുവദിക്കും. സീറ്റ് പ്രശ്നം രൂക്ഷമായ മലബാറിൽ ഇക്കുറി 2,25702 കുട്ടികളാണ് പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടിയത്. നിലവിലുള്ള സീറ്റുകൾ 1,95,050 മാത്രമാണ്. യോഗ്യത നേടിയവർക്കെല്ലാം തുടർന്ന് പഠിക്കണമെങ്കിൽ 30,652 സീറ്റുകളുടെ കുറവാണ് ഉള്ളത്. സി.ബി.എസ്.ഇ കുട്ടികളുടെ എണ്ണം കൂടി കൂട്ടിയാലത് പിന്നെയും കൂടും. വിജയശതമാനം കൂടിയത് കൊണ്ട് ഇഷ്ടവിഷയം പഠിക്കാനുള്ള അവസരത്തിനും വെല്ലുവിളിയാകും.

# പൊന്നമ്പലമേട്ടിലേക്കുള്ള പ്രവേശനം നിയന്ത്രിച്ച് ഹൈക്കോടതി

കൊച്ചി: പൊന്നമ്പലമേട്ടിലേക്കുള്ള പ്രവേശനം നിയന്ത്രിച്ച് ഹൈക്കോടതി. ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ ആരും പൊന്നമ്പലമേട്ടിലേക്ക് പ്രവേശിക്കരുതെന്നാണ് കോടതിയുടെ ഉത്തരവ്. പൊന്നമ്പലമേട്ടിൽ അനധികൃത പൂജ നടത്തിയതുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസിലാണ് നിർദേശം. പൂജ നടത്തിയ സംഭവത്തിൽ വിശദമായ അന്വേഷണം നടത്താൻ പോലിസിനോട് ദേവസ്വം ബെഞ്ച് ആവശ്യപ്പെട്ടു. ഈ മാസം എട്ടിനാണ് ആറംഗ സംഘം പൊന്നമ്പലമേട്ടിൽ എത്തിയത്. സംഘത്തിലുള്ളവർ തന്നെ പകർത്തിയ ദൃശ്യങ്ങൾ പുറത്ത് വന്നതോടെയാണ് വിവരം പുറത്തായത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി സ്വമേധയാ കേസെടുത്തത്.

പൊന്നമ്പലമേട്ടിൽ കടന്നുകയറി അനധികൃതമായി പൂജ നടത്തിയ സംഭവത്തിൽ തമിഴ്നാട് സ്വദേശി നാരായണൻ അടക്കം ഒൻപത് പേർക്കെതിരെ മൂഴിയാർ പോലിസ് കേസെടുത്തിട്ടുണ്ട്. മകരവിളക്ക് തെളിയുന്നതടക്കം ശബരിമലയിലെ ആചാരങ്ങളിലെ പ്രധാനപ്പെട്ട സ്ഥലമാണ് പൊന്നമ്പലമേട്. അതുകൊണ്ടുതന്നെ, പൊന്നമ്പലമേട്ടിൽ അതിക്രമിച്ചു കയറിയ സംഭവത്തിൽ കർശന നിയമ നടപടികളുമായി മുന്നോട്ടുപോകാനാണ് തിരുവതാംകൂർ ദേവസ്വം ബോർഡിന്റെ തീരുമാനം. മതവിശ്വാസത്തെ അവഹേളിക്കണമെന്ന് ഉദ്ദേശത്തോടെ ആരാധന സ്ഥലത്തേക്ക് കടന്ന് കയറുക, മതവിശ്വാസം അവഹേളിക്കാനായി ബോധപൂർവ്വം പ്രവർത്തിക്കുക, നിയമവിരുദ്ധ പ്രവർത്തനത്തിനായി സംഘം ചേരുക തുടങ്ങിയ വകുപ്പുകളാണ് പ്രതികൾക്കെതിരേ ചുമത്തിയിരിക്കുന്നത്.

# പാർലമെന്റ് മന്ദിരം പ്രധാനമന്ത്രി തന്നെ ഉദ്ഘാടനം ചെയ്യും; പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ

ന്യൂഡൽഹി: പുതിയ പാർലമെന്റ് മന്ദിരം മെയ് 28ന് പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെ ഉദ്ഘാടനം ചെയ്യുമെന്ന് കേന്ദ്രസർക്കാർ. ചെങ്കോൽ സ്ഥാപിച്ചായിരിക്കും ഉദ്ഘാടനം. ജവഹർലാൽ നെഹ്റു സ്വാതന്ത്ര്യരാത്രിയിൽ സ്വീകരിച്ച ചെങ്കോലാണ് വീണ്ടും ദില്ലിയിലെത്തിച്ച് ലോക്സഭയിൽ സ്ഥാപിക്കുക. അധികാര കൈമാറ്റത്തിന്റെ പ്രതീകമായി ഈ ചെങ്കോൽ പുതിയ പാർലമെന്റ് മന്ദിരത്തിൽ സ്ഥാപിക്കാനാണ് സർക്കാർ തീരുമാനം. നിലവിൽ



അലഹബാദിലുള്ള ചെങ്കോൽ ഉദ്ഘാടന ദിവസം പൂജയ്ക്കു ശേഷം പ്രധാനമന്ത്രി സ്വീകരിക്കും. ഇത് സ്പീക്കറുടെ ഇരിപ്പിടത്തിന് മുകളിൽ സ്ഥാപിക്കും. പാർലമെന്റ് മന്ദിരത്തിന്റെ നിർമ്മാണത്തിൽ പങ്കാളികളായ തൊഴിലാളികളെ ചടങ്ങിൽ പ്രധാനമന്ത്രി ആദരിക്കും. എല്ലാ പ്രതിപക്ഷ പാർട്ടികളെയും ക്ഷണിച്ചെന്നും പങ്കെടുക്കുന്ന കാര്യം അവർ തീരുമാനിക്കട്ടെയെന്നുമാണ് പ്രതിപക്ഷ പ്രതിഷേധത്തോടുള്ള അമിത് ഷായുടെ പ്രതികരണം. പ്രധാനമന്ത്രിയുടെ വിശാല കാഴ്ചപ്പാടാണ് പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനത്തിലേക്ക് നയിച്ചതെന്ന് ചൂണ്ടിക്കാട്ടിയാണ് മോദി ഉദ്ഘാടനം നിർവഹിക്കുന്നതിനെ സർക്കാർ ന്യായീകരിക്കുന്നത്. നരേന്ദ്രമോദി സർക്കാരിന്റെ ഒൻപതാം വർഷം പൂർത്തിയാകുന്ന വേളയിലെ വാർത്താസമ്മേളനത്തിലാണ് ആഭ്യന്തര മന്ത്രിയുടെ പ്രഖ്യാപനം. നിലവിലുള്ള മന്ദിരം ബ്രിട്ടീഷുകാർ പണിതതാണ്. ഇപ്പോൾ ഇന്ത്യ പുതിയ മന്ദിരം പണിതിരിക്കുന്നു. കൊളോണിയൽ കാലഘട്ടത്തിൽ നിന്ന് നമ്മൾ പുതിയ കാലത്തിലേക്ക് നീങ്ങുന്നു. ഇന്ത്യയുടെ പരമാധികാരം ഉറപ്പിക്കുന്ന കൂടുതൽ ചിഹ്നങ്ങൾ പാർലമെന്റ് മന്ദിരത്തിൽ ഉണ്ടാകും. അമിത്ഷാ കൂട്ടി ച്ചേർത്തു.

# സംസ്ഥാനത്ത് വന്ദേഭാരത് അടക്കം ഏഴ് ട്രെയിനുകളുടെ സമയത്തിൽ മാറ്റം

തിരുവനന്തപുരം: സംസ്ഥാനത്ത് സർവീസ് നടത്തുന്ന ഏഴ് ട്രെയിനുകളുടെ സമയത്തിൽ മാറ്റം. മെയ് 28 മുതൽ ട്രെയിനുകൾ പുറപ്പെടുന്നതും എത്തിച്ചേരുന്നതുമായ സമയത്തിലാണ് മാറ്റം. തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന വന്ദേഭാരത് അഞ്ച് മിനിട്ട് നേരത്തെ 1.20ന് കാസർകോട് എത്തും.



ട്രെയിൻ നമ്പർ 20634- തിരുവനന്തപുരം സെൻട്രൽ കാസർകോട് വന്ദേ ഭാരത് എക്സ്പ്രസ്: ഉച്ചയ്ക്ക് 1.20ന് കാസർകോട് എത്തും.(നിലവിലുള്ള സമയം: കാസർകോട്:1.25).

ട്രെയിൻ നമ്പർ 16355 കൊച്ചുവേളി-മംഗളൂരു ജംഗ്ഷൻ അന്ത്യോദയ ദ്വൈവാര എക്സ്പ്രസ്: രാവിലെ 09.15 ന് മംഗളൂരു ജംഗ്ഷനിൽ എത്തിച്ചേരും. (നിലവിലുള്ള സമയം: 09.20.)

ട്രെയിൻ നമ്പർ 16629 -തിരുവനന്തപുരം സെൻട്രൽ-മംഗളൂരു സെൻട്രൽ മലബാർ ഡെയ്‌ലി എക്സ്പ്രസ്: രാവിലെ 10.25ന് മംഗളൂരു സെൻട്രലിൽ എത്തിച്ചേരും.(നിലവിലുള്ള സമയം: മംഗളൂരു സെൻട്രൽ: 10.30 ).

ട്രെയിൻ നമ്പർ 16606 നാഗർകോവിൽ ജംഗ്ഷൻ-മംഗളൂരു സെൻട്രൽ ഏറനാട് ഡെയ്‌ലി എക്സ്പ്രസ്: വൈകുന്നേരം 5.50ന് -ന് മംഗലാപുരത്ത് എത്തിച്ചേരും. (നിലവിലുള്ള സമയം: മംഗളൂരു സെൻട്രൽ: 6.00 മണി).

ട്രെയിൻ നമ്പർ 16347- തിരുവനന്തപുരം സെൻട്രൽ-മംഗളൂരു സെൻട്രൽ ഡെയ്‌ലി എക്സ്പ്രസ്: 11.20 -ന് മംഗളൂരു സെൻട്രലിൽ എത്തിച്ചേരും. (നിലവിലുള്ള സമയം: മംഗളൂരു സെൻട്രൽ: 11.30)ട്രെയിൻ നമ്പർ 22668-കോയമ്പത്തൂർ ജംഗ്ഷൻ-നാഗർകോവിൽ ജംഗ്ഷൻ പ്രതിദിന സൂപ്പർ ഫാസ്റ്റ്: തിരുനെൽവേലി ജംഗ്ഷനിൽ 03.00 മണിക്ക് എത്തി 03.05ന് പുറപ്പെടും. (നിലവിലുള്ള സമയം: 03.20 /03.25) വള്ളിയൂർ സ്റ്റേഷനിൽ 03.43ന് എത്തി 03.45ന് പുറപ്പെടും (നിലവിലുള്ള സമയം: 04.01/04.02). നാഗർകോവിൽ ജംഗ്ഷനിൽ 04.50 ന് എത്തിച്ചേരും (നിലവിലുള്ള സമയം: 05.05.).

ട്രെയിൻ നമ്പർ 12633- ചെന്നൈ എഗ്മോർ-കന്യാകുമാരി ഡെയ്‌ലി സൂപ്പർഫാസ്റ്റ്: തിരുനെൽവേലി ജംഗ്ഷനിൽ പുലർച്ചെ 03.20ന് എത്തി 03.25 ന് പുറപ്പെടും. (നിലവിലുള്ള സമയം: 03.45/03.50 ), വള്ളിയൂർ 04.03ന് എത്തി 04.05ന് പുറപ്പെടും. (നിലവിലുള്ള സമയം: 04.23/04.25), 05.35 മണിക്ക് കന്യാകുമാരിയിൽ എത്തിച്ചേരും (നിലവിലുള്ള സമയം: 05.45).

### എ.ഐ ക്യാമറയുടെ വില വെളിപ്പെടുത്തില്ലെന്ന കെൽട്രോണിന്റെ മറുപടി

# അഴിമതി മൂടി വെക്കുന്നതിന്: രമേശ് ചെന്നിത്തല

തിരുവനന്തപുരം: എ.ഐ ക്യാമറയുടെ വില എത്രയെന്ന ചോദ്യത്തിന് വെളിപ്പെടുത്താനാകില്ലെന്ന കെൽട്രോണിന്റെ മറുപടി അഴിമതി മൂടി വെക്കുന്നതിനാണെന്ന് രമേശ് ചെന്നിത്തല. കെൽട്രോൺ എന്ന പൊതുമേഖലാ സ്ഥാപനത്തിന് യോജിക്കാത്തതും അസംബന്ധവുമായ പ്രതികരണമാണിതെന്നും കെൽട്രോണിന്റെ വിശ്വാസ്യത തന്നെ പൂർണമായും നഷ്ടപ്പെടുത്തുന്ന മറുപടിയാണിതെന്നും ചെന്നിത്തല ആരോപിച്ചു.



ക്യാമറയുടെ വില വെളിപ്പെടുത്തിയാൽ ആരുടെ ട്രേഡ് സീക്രട്ടാണ് നഷ്ടപ്പെടുന്നത്. ജനങ്ങളെ കൊള്ളയടിക്കാൻ കൂട്ടുനിൽക്കുന്ന കെൽട്രോണിന്റെയും സർക്കാരിന്റെയും മുഖമാണിവിടെ വികൃതമായിരിക്കുന്നത്. കെൽട്രോൺ ചെയർമാൻ നാരായണമൂർത്തി പറഞ്ഞത് ഒരു ക്യാമറയുടെ വില ഒമ്പത് ലക്ഷമെന്നാണ്. ഒരു ലക്ഷം പോലും വിലവരാത്ത ക്യാമറയാണെന്ന് മാലോകർക്കെല്ലാം മനസ്സിലായിട്ടും കെൽട്രോൺ ഇപ്പോഴും കള്ളക്കളി തുടരുകയാണ്. ആദ്യം ഒരുതവണ താൻ ഉന്നയിച്ച ആരോപണം ചോദ്യം ചെയ്ത നാരായണമൂർത്തി രേഖകൾ സഹിതം മറുപടി നൽകിയിട്ട് പിന്നീടിതു വരെ വായ തുറന്നിട്ടില്ല. ഇനിയും ഈ കൊള്ളക്ക് കൂട്ട് നിൽക്കുകയാണെങ്കിൽ ശിവശങ്കറിന്റെ ഗതി തന്നെയാകും അദ്ദേഹത്തിനും വരികയെന്നും ചെന്നിത്തല പറഞ്ഞു.



## അരിക്കൊമ്പൻ കുമളി ടൗണിന് സമീപമെത്തി മടങ്ങി; നിരീക്ഷിച്ച് വനംവകുപ്പ്

കുമളി: ചിന്നക്കനാലിൽ നിന്നും മയക്കുവെടി വെച്ച് പിടികൂടി പെരിയാർ കടുവ സങ്കേതത്തിൽ തുറന്നുവിട്ട കാട്ടാന അരിക്കൊമ്പൻ കുമളി ടൗണിന് സമീപമെത്തി മടങ്ങി. കുമളി ടൗണിന് ആകാശദൂരം ആറ് കിലോമീറ്റർ അകലെ വരെ അരിക്കൊമ്പൻ എത്തിയെന്നാണ് സിഗ്നലുകളിൽ നിന്നും വനംവകുപ്പിന് വ്യക്തമായത്. ഇന്നലെ രാത്രിയിലെ സിഗ്നൽ പ്രകാരമാണിത്. ടൗണിന് സമീപമെത്തിയ ശേഷം മേദകാനം ഭാഗത്തേക്ക് തന്നെ അരിക്കൊമ്പൻ മടങ്ങിയെന്നും വനംവകുപ്പ് അറിയിച്ചു. പെരിയാർ ടൈഗർ റിസർവിൽ തന്നെയാണ് നിലവിൽ ആനയുള്ളത്. വനംവകുപ്പ് നിരീക്ഷണം തുടരുകയാണ്.

## 'എസ്.എഫ്.ഐ നേതാവിന്റെ ആൾമാറാട്ടം ഒറ്റപ്പെട്ട സംഭവം'

തിരുവനന്തപുരം: കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ എസ്.എഫ്.ഐ നേതാവിന്റെ ആൾമാറാട്ടം ഒറ്റപ്പെട്ട സംഭവമാണെന്ന് മന്ത്രി ആർ.ബിന്ദു തിരുവനന്തപുരത്ത് വാർത്ത സമ്മേളനത്തിൽ പറഞ്ഞു. വിഷയത്തെ പൊതുവൽക്കരിക്കുന്നത് തെറ്റാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് വിദ്യാർഥി തെരഞ്ഞെടുപ്പ് സുതാര്യമായിട്ടാണ് നടക്കുന്നത്. ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണ്. ഇതിന്റെ ഉത്തരവാദിത്വം പ്രിൻസിപ്പാളനാണെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാർഥി യൂണിയനുകളെ ഇകഴ്ത്തി കാണിക്കുന്നതിനായുള്ള പ്രചരണങ്ങൾക്ക് അടിസ്ഥാനമില്ല. എല്ലാ പ്രതികരണങ്ങൾക്കും മറുപടി പറയേണ്ടതില്ല. ഈ വിഷയത്തിൽ ശക്തമായ നടപടി സ്വീകരിക്കാൻ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

### ഭീഷണിസന്ദേശങ്ങളും കോളുകളും

## തന്റെ നമ്പർ ചോർത്തിയെന്ന പരാതിയുമായി ദി കേരള സ്റ്റോറി താരം അദാ ശർമ



മുംബൈ: ഭീഷണി സന്ദേശങ്ങളും കോളുകളും തന്റെ ഫോണിലേക്ക് വരുന്നതായും തന്റെ ഫോൺ നമ്പർ ചോർന്നതായും വിവാദചിത്രമായ ദി കേരള സ്റ്റോറിയിലെ നായിക അദാ ശർമ. ഒരു ഇൻസ്റ്റഗ്രാം പേജാണ് താരത്തിന്റെ നമ്പർ പുറത്ത് വിട്ടതെന്നാണ് വിവരം. ഫോണിലേക്ക് ഒരു ദിവസം ആയിരക്കണക്കിന് സന്ദേശങ്ങളും കോളുകളും വന്നതോടെയാണ് സംഭവത്തിന്റെ ഗൗരവം തനിക്ക് ബോധ്യപ്പെട്ടതെന്ന് അദാ ശർമ പറയുന്നു. ലഭിച്ചവയിൽ പലതും ഭീഷണി സന്ദേശങ്ങളായിരുന്നു.'നമ്പർ ചോർത്തിയ ആളുടെ വികൃതമായ മാനസികാവസ്ഥയാണ് ഇവിടെ വെളിപ്പെടുന്നത്. ദ കേരള സ്റ്റോറിയിലെ സമാനമായ ഒരു രംഗമാണ് ഇപ്പോൾ ഓർമ വരുന്നത്. അതിൽ ഒരു പെൺകുട്ടിയുടെ നമ്പർ പുറത്ത് വിട്ട് അവളെ ഉപദ്രവിക്കുന്ന ഒരു രംഗമുണ്ട്. താനിപ്പോൾ ഫോൺ നമ്പർ മാറ്റാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും' അദാ ശർമ പറയുന്നു.

ഫോൺ നമ്പർ പുറത്ത് വിട്ടയാൾ സമാനമായ പ്രവർത്തനങ്ങൾ നേരത്തേയും നടത്തിയിട്ടുണ്ടെന്നാണ് വിവരം. പോലിസുകാർ ഇയാളെ കണ്ടെത്തിയിട്ടുണ്ടെന്നും അദാ ശർമ്മ പറയുന്നു. 'ഭീകരതയ്ക്കെതിരെ സംസാരിക്കുന്ന ഒരു സിനിമയോടൊപ്പമാണ് ഞാൻ നിൽക്കുന്നത്. ഒരു തീവ്രവാദി അവൻ ഉദ്ദേശിച്ച രീതിയിൽ കാര്യങ്ങൾ നടക്കാതെ വന്നതോടെ ഭീഷണിപ്പെടുത്തുന്നതിന്റെ ഉദാഹരണം കൂടിയാണിത്. ഭീകരവാദത്തെ തുറന്നു കാട്ടുന്ന ചിത്രമാണ് ദി കേരള സ്റ്റോറി. അതുകൊണ്ട് തന്നെ ഇതിൽ ഉൾപ്പെട്ടവരെ ഇക്കാര്യങ്ങൾ രോഷാകുലരാക്കുമെന്നും" അദാ ശർമ പറയുന്നു.

## രാഷ്ട്രപതി തന്നെ പുതിയ പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്യണം; സുപ്രീം കോടതിയിൽ ഹർജി

ന്യൂഡൽഹി: മെയ് 28ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യാനിരിക്കുന്ന പുതിയ പാർലമെന്റ് മന്ദിരം രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജി. തമിഴ്നാട്ടിൽ നിന്നുള്ള അഭിഭാഷകൻ സി.ആർ ജയസുകിൻ ആണ് ഹർജി ഫയൽ ചെയ്തത്.

ലോക്സഭാ സെക്രട്ടേറിയറ്റ് പുറത്തിറക്കിയ പ്രസ്താവനയും മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങിന് ലോക്സഭാ സെക്രട്ടറി ജനറലിന്റെ ക്ഷണവും ഇന്ത്യൻ ഭരണഘടനയുടെ ലംഘനമാണെന്ന് ഹർജിയിൽ പറയുന്നു. 'രാഷ്ട്രപതിയാണ് ഇന്ത്യയുടെ പ്രഥമ പൗരനും പാർലമെന്റിന്റെ തലവനും. രാജ്യത്തെ സംബന്ധിച്ച എല്ലാ സുപ്രധാന തീരുമാനങ്ങളും ഇന്ത്യൻ പ്രസിഡന്റിന്റെ നാമത്തിലാണ് സ്വീകരിക്കുന്നത്' ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രപതി പാർലമെന്റിന്റെ അവിഭാജ്യ ഘടകമാണെന്നും അതിനാൽ ഉദ്ഘാടന ചടങ്ങിൽ നിന്ന് വിട്ടുനിൽക്കരുതെന്നും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 79 ഉദ്ധരിച്ചുകൊണ്ട് ഹർജിയിൽ വാദിക്കുന്നു.

ഇത് ലോക്സഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്ത് നിന്നുണ്ടായ അപക്വമായ നടപടിയാണെന്നും പറയുന്നുണ്ട്. രാഷ്ട്രപതിയും രാജ്യസഭയും ലോക്സഭയും അടങ്ങുന്ന പാർലമെന്റിനാണ് ഇന്ത്യയിലെ പരമോന്നത നിയമനിർമാണ അധികാരം. പാർലമെന്റ് വിളിച്ചുചേർത്ത് നിർത്തിവെക്കാനോ ലോക്സഭ പിരിച്ചുവിടാനോ രാഷ്ട്രപതിക്ക് അധികാരമുണ്ടെന്നും ഹർജിയിൽ പറയുന്നു.

# 2024 യു.എസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ്: സ്ഥാനാർഥിത്വം പ്രഖ്യാപിച്ച് റോൺ ഡിസാന്റിസ്



ഫ്ളോറിഡ: 2024ൽ നടക്കുന്ന അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡൊണോൾഡ് ട്രംപിന് വെല്ലുവിളിയായി റോൺ ഡിസാന്റിസ്. റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർഥിയാകാനുള്ള പോരാട്ടത്തിന് ഫ്ളോറിഡ ഗവർണർ കൂടിയായ റോൺ ഡിസാന്റിസ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച് രംഗത്തെത്തുകയും പ്രചാരണം ആരംഭിക്കുകയും ചെയ്തു. ട്വിറ്റർ സി.ഇ.ഒ ഇലോൺ മസ്കുമായുള്ള ഓൺലൈൻ സംഭാഷണത്തിലൂടെയാണ് ഡിസാന്റിസ് തന്റെ സ്ഥാനാർത്ഥിത്വം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. 44 കാരനായ റോൺ ഡിസാന്റിസ് ഇത് രണ്ടാം തവണയാണ് ഫ്ളോറിഡയിൽ ഗവർണർ പദവിയിൽ ഇരിക്കുന്നത്. റിപ്പബ്ലിക്കൻ പാർട്ടിയിൽ മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന് കടുത്ത വെല്ലുവിളിയാകും റോൺ ഡിസാന്റിസ്.

ഡിസാന്റിസ് തന്റെ സ്ഥാനാർത്ഥിത്വം ട്വിറ്ററിലൂടെ പ്രഖ്യാപിച്ചതോടെ ലക്ഷക്കണക്കിന് ആളുകളാണ് എത്തിയത്. ഇതോടെ ട്വിറ്റർ പ്രവർത്തനം തകരാറലായി. നിശ്ചയിച്ചതിലും 25 മിനിറ്റ് വൈകിയാണ് ട്വിറ്റർ സ്പേസിൽ സെഷൻ തുടങ്ങിയത്. രണ്ടര ലക്ഷത്തോളം ശ്രോതാക്കൾ നിമിഷം നേരം കൊണ്ട് എത്തി. അതോടെ ട്വിറ്റർ പ്രവർത്തനം അവതാളത്തിലായി. ഫെയ്‌ലർ ടു ലോഞ്ച്, ക്രാഷ്ഡ് ഡിസാസ്റ്റർ തുടങ്ങിയ ഹാഷ് ടാഗുകളാണ് ചാറ്റ് ഷോ സമയത്ത് അമേരിക്കയിൽ ട്രെൻഡിങ് ആയത്. എല്ലാ പ്രസിഡന്റ് സ്ഥാനാർഥികൾക്കും ട്വിറ്ററിലേക്ക് സ്വാഗതമെന്നാണ് ഇലോൺ മസ്കിന്റെ പ്രഖ്യാപനം.അമേരിക്കൻ നാവികസേനയിൽ നിയമ ഉദ്യോഗസ്ഥനായാണ് ഇറ്റലിയിൽ വേരുകളുള്ള ഡിസാന്റിസ് ഔദ്യോഗിക ജീവിതം തുടങ്ങുന്നത്. 2012ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. 2018ൽ നേരിയ ഭൂരിപക്ഷത്തിന് ഫ്ളോറിഡയിൽ ഗവർണറായി തെരഞ്ഞെടുക്കപ്പെട്ടു. 2022 ലെ തിരഞ്ഞെടുപ്പിൽ , മിക്ക റിപ്പബ്ലിക്കൻ സ്ഥാനാർഥികളും പതറിയപ്പോഴും വലിയ ഭൂരിപക്ഷത്തിന് വിജയിക്കാൻ ആയത് ഡിസാന്റിസിന്റെ ജനപിന്തുണയുടെ തെളിവാണ്.മുൻ യു.എൻ അംബാസിഡർ നിക്കിഹാലെ, സൗത്ത്കരോലിന, സെനറ്റർ ടിം സ്കോട്ട്, അർക്കാനസ്, മുൻ ഗവർണർ അസ ഹട്ച്ചിൻസൺ, ബിസിനസുകാരനായ വിവേക് രാമസ്വാമി എന്നിവരാണ് റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിയാകാനുള്ള മത്സരത്തിലുള്ളത്. മുൻ വൈസ് പ്രസിഡന്റ് മൈക് പെനസ് ഇതുവരെ ഔദ്യോഗിക പ്രഖ്യാപനം നടത്തിയില്ലെങ്കിലും പോരാട്ടത്തിലുണ്ടാകുമെന്നാണ് സൂചന.

## ക്രമസമാധാനം തകർത്താൽ ബജ്റംഗ്ദളിനെയും ആർ.എസ്.എസിനെയും നിരോധിക്കും: പ്രിയങ്ക് ഖാർഗെ



ബംഗളൂരു: സംസ്ഥാനത്തെ ക്രമസമാധാനം തകർക്കാൻ ശ്രമിച്ചാൽ തീവ്രഹിന്ദുത്വ സംഘടനയായ ബജ്റംഗ്ദളിനെയും ആർ.എസ്.എസിനെയും നിരോധിക്കുമെന്ന് മന്ത്രി പ്രിയങ്ക് ഖാർഗെ. ഇതിൽ ബി.ജെ.പിക്ക് എതിർപ്പുണ്ടെങ്കിൽ അവർ പാകിസ്താനിലേക്ക് പോകട്ടെയെന്ന് പ്രിയങ്ക് ഖാർഗെ. 'ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കിയാൽ ബജറംഗ്ദൾ അടക്കമുള്ള ഏത് സംഘടനയേയും ഉരുക്കുമുഷ്ടിയോടെ നേരിടും. നിരോധനമടക്കമുള്ള നടപടികളുണ്ടാകും. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ ഇക്കാര്യം ഉൾക്കൊള്ളിച്ചത് നടപ്പാക്കാനാണ്. ആർ.എസ്.എസിന് എതിർപ്പുണ്ടെങ്കിൽ അവർ പാകിസ്ഥാനിലേക്ക് പോകട്ടെ എന്നാണ് പ്രിയാങ്ക് ഖാർഗെ വ്യക്തമാക്കിയത്.മുഖ്യമന്ത്രി സിദ്ധരാമയ്യ സദാചാര ഗുണ്ടായിസത്തിനെതിരേ കർശന നടപടിയെടുക്കാൻ കഴിഞ്ഞ ദിവസം ഉന്നത പോലിസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിരുന്നു. പോലിസുകാർ കാവി ഷാളോ, ചരടോ അണിഞ്ഞ് ജോലിക്കെത്തുന്നത് അംഗീകരിക്കില്ലെന്ന് ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാർ വ്യക്തമാക്കിയിരുന്നു.

മംഗളൂരു, വിജയപുര, ബാഗൽകോട്ട് എന്നിവടങ്ങളിൽ പോലിസുകാർ കാവി ഷാൾ അണിഞ്ഞു ജോലിക്കെത്തിയ സംഭവത്തെ തുടർന്നാണ് ഡി.കെയുടെ കർശന നിർദേശം. ഇതിനു പിന്നാലെയാണ് പ്രിയങ്ക് ഖാർഗെയുടെ ഈ പ്രസ്താവന. ഹിജാബ്, ഹലാൽ, ഗോവധം തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയ വിലക്ക് നീക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



കാടുമൂടി കിടക്കുന്ന മാവൂർ-ഗ്രാസിം

## 'മാവൂർ- ഗ്രാസിം ഭൂമി തിരിച്ച് നൽകണം'

കോഴിക്കോട്: വ്യവസായ ആവശ്യത്തിന് കേരളത്തിന്റെ പ്രഥമ സർക്കാർ ബിർള മാനേജ്മെന്റിന് വിട്ടുനൽകിയ 350 ഏക്കർ ഭൂമി ഗ്രാസിം കമ്പനി അടച്ചുപൂട്ടി രണ്ട് പതിറ്റാണ്ടായിട്ടും ഉപയോഗശൂന്യമായി കിടക്കുകയാണെന്നും വ്യവസായ ആവശ്യത്തിനല്ലെങ്കിൽ ഭൂമി സർക്കാരിനെ തിരിച്ചേൽപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ച് ഗ്രാസിം മാവൂർ വിടണമെന്നും ജനകീയ സമരസമിതി ചെയർമാനും മാവൂർ പഞ്ചായത്ത് പ്രസിഡന്റുമായ ടി.രഞ്ജിത്ത് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കമ്പനി പൂട്ടിയിട്ട് 22 വർഷമായതിനാൽ 350 ഏക്കർ ഭൂമി വനസമാനമായിട്ടുണ്ട്. വന്യമൃഗങ്ങൾ പെറ്റുപെരുകി പൊതുജന ജീവിതത്തിന് ഭീഷണിയായി മാറിയിട്ടുണ്ട്. സർക്കാർ ഭൂമി ഏറ്റെടുത്ത് അഭ്യസ്തവിദ്യരായ യുവതി-യുവാക്കൾക്ക് തൊഴിൽ നൽകുന്ന സംരംഭം സർക്കാർ ആരംഭിക്കണം. ഇക്കാര്യമുയർത്തി 26ന്(വെള്ളി) വൈകീട്ട് മൂന്ന് മണിക്ക് മാവൂർ ഗ്രാമപഞ്ചായത്ത് രാജീവ് ഗാന്ധി കൺവെൻഷൻ സെന്ററിൽ ബഹുജന കൺവെൻഷൻ ചേരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഇന്ത്യയിലെ ഏക ചൈനീസ് പത്രം 'സിയോങ് പോ' പ്രസിദ്ധീകരണം നിർത്തി

കൊൽക്കത്ത: അഞ്ച് പതിറ്റാണ്ടോളം കൊൽക്കത്തയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഇന്ത്യയിലെ ഏക ചൈനീസ് പത്രമായ 'സിയോങ് പോ' പ്രസിദ്ധീകരണം അവസാനിപ്പിച്ചു. പത്രത്തിന്റെ എഡിറ്ററായിരുന്ന കുവോ സായ് ചാങിന്റെ മരണമാണ് വീണ്ടും പ്രസിദ്ധീകരണം നടത്താനുള്ള നീക്കങ്ങൾക്ക് തിരിച്ചടിയായത്. 30 വർഷമായി പത്രത്തിന്റെ എഡിറ്റർ കുവോ സായ് ചാങ് ആയിരുന്നു. 2020 ജൂലൈയിൽ കുവോ മരിച്ചു. ചാങിന്റെ മരണമാണ് വീണ്ടും പ്രസിദ്ധീകരണം നടത്താനുള്ള നീക്കങ്ങൾക്ക് തിരിച്ചടിയായത്.മാൻഡറിൻ ഭാഷയിലുള്ള സിയോങ് പോയുടെ (ഓവർസീസ് ചൈനീസ് കൊമേഴ്സ് ഓഫ് ഇന്ത്യ) അച്ചടി ആരംഭിക്കുന്നത്




1969 ലായിരുന്നു. ലീ യുൻ ചിൻ ആണ് സ്ഥാപകൻ. കഴിഞ്ഞ അഞ്ചു പതിറ്റാണ്ടിലേറെ കൊൽക്കത്ത ആസ്ഥാനമായി പത്രം പ്രസിദ്ധീകരണം നടത്തി വരുകയായിരുന്നു. 2020 മാർച്ച് വരെ പ്രസിദ്ധീകരണം നടത്തിയ പത്രത്തിന് തിരിച്ചടിയായത് കൊവിഡാണ്. കൊവിഡ് ലോക്ഡൗൺ സമയത്ത് പ്രസിദ്ധീകരണം നിർത്തിവയ്ക്കുമ്പോൾ 200 ഓളം കോപ്പികൾ മാത്രമായിരുന്നു പത്രം അച്ചടിച്ചിരുന്നത്. നാല് പേജുള്ള പത്രത്തിൽ വാർത്ത കണ്ടെത്തുക എന്നത് ശ്രമകരമായായിരുന്നു. റിപ്പോർട്ടർമാരുടെ ദൗർലഭ്യം കാരണം ചൈന, തായ്വാൻ, ഹോങ്കോങ് എന്നിവിടങ്ങളിൽ നിന്നായിരുന്നു വാർത്ത തയ്യാറാക്കിയത്. കൊൽക്കത്തയിൽ നിന്നുള്ള പ്രമുഖ ഇംഗ്ലീഷ് ദിനപത്രങ്ങളിൽ വരുന്ന വാർത്ത പരിഭാഷപ്പെടുത്തിയായിരുന്നു പ്രസിദ്ധീകരണം.

ബിസിനസ് സംബന്ധമായ വാർത്തകളിലായിരുന്നു പ്രധാനമായും പത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. പ്രസിദ്ധീകരണം തുടങ്ങിയ ആദ്യ കാലങ്ങളിൽ കൈപ്പടയിലായിരുന്നു വാർത്തകൾ എഴുതിയിരുന്നത്. പിന്നീട് ചൈനീസ് ഡിടിപി മെഷീനുകൾ ഉപയോഗിച്ച് പത്രം അച്ചടിക്കാൻ തുടങ്ങി. ഇന്ത്യയിലെ ആദ്യത്തെ ചൈനീസ് പത്രമായ ദി ചൈനീസ് ജേണൽ ഓഫ് ഇന്ത്യ ആരംഭിച്ച് 34 വർഷങ്ങൾക്ക് ശേഷമാണ് സിയോങ് പോ പ്രസിദ്ധീകരണം തുടങ്ങിയത്.മാൻഡറിൻ ഭാഷ പ്രാവീണ്യമുള്ള ആളുകളെ ലഭിക്കാത്തതാണ് അച്ചടി നിർത്താൻ കാരണമെന്ന് ചൈനീസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ചെൻ യാവോഹുവ പറഞ്ഞു. ഓഫിസ് സ്ഥിതി ചെയ്യുന്ന ടാൻഗ്രയിൽ ചൈനീസ് ജനസംഖ്യ കുറഞ്ഞു വരുന്നതായും അദ്ദേഹം പറഞ്ഞു. പത്രം നിർത്തുന്നത് ഇവിടെയുള്ള ചൈനീസ് സമൂഹത്തിന് വലിയ നഷ്ടമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ലഖ്നൗ കടന്ന് മുംബൈ

## ലഖ്നൗ സൂപ്പർ ജയന്റ്സിനെ 81 റൺസിന് പരാജയപ്പെടുത്തി ക്വാളിഫയറിലേക്ക് മുംബൈ, ആകാശ് മധ്വാളിന് അഞ്ച് വിക്കറ്റ്

ചെന്നൈ: ഭാഗ്യംകൊണ്ട് മാത്രം പ്ലേ ഓഫിലെത്തിയ ടീമല്ലായെന്ന് അടിവരയിട്ടു കൊണ്ടുള്ള പ്രകടനമായിരുന്നു കഴിഞ്ഞ ദിവസം ചെപ്പോക്കിൽ മുംബൈ ഇന്ത്യൻസ് കാഴ്ചവച്ചത്. ബാറ്റിങ്ങിലും ബൗളിങ്ങിലും ഫീൽഡിങ്ങിലും സർവാധ്യപത്യം പുലർത്തിയ മുംബൈ നിർണായകമായ എലിമിനേറ്റർ മത്സരത്തിൽ ലഖ്നൗവിനെ നിഷ്പ്രയാസം കീഴടക്കി. 29കാകരനായ ആകാശ് മധ്വാളിന്റെ പ്രകടനമാണ് മുംബൈയെ അനായാസം ജയിച്ചു കയറാൻ സാധിച്ചത്. 3.3 ഓവറിൽ അഞ്ച് റൺസ് മാത്രം വിട്ടുകൊടുത്ത് അഞ്ച് വിക്കറ്റുകളാണ് ഈ യുവതാരം നേടിയത്. എറിഞ്ഞ 21 പന്തുകളിൽ 17ഉം ഡോട്ട്ബോളുകളായിരുന്നു.ചെപ്പോക്കിൽ ടോസിന്റെ ഭാഗ്യം രോഹിത്തിനായിരുന്നു. ബാറ്റിങ് തിരഞ്ഞെടുത്ത മുംബൈക്ക് 15 റൺസെടുത്ത ഇഷാൻ കിഷനേും 11 റൺസെടുത്ത രോഹിത്തിനേയും പെട്ടെന്ന് നഷ്ടപ്പെട്ടുവെങ്കിലും മൂന്നാം വിക്കറ്റിൽ കാമറൂൺ ഗ്രീനും സൂര്യകുമാർ യാദവും 66 റൺസ് കൂട്ടിച്ചേർത്തു. 33 റൺസെടുത്ത സൂര്യയേയും 41 റൺസെടുത്ത ഗ്രീനിനേയും ഒരേ ഓവറിൽ നവീൻ ഉൾഹഖ് പുറത്താക്കിയെങ്കിലും 26 റൺസുമായി തിലക് വർമയും ഇംപാക്ട് പ്ലെയറായി കളത്തിലിറങ്ങിയ നെഹൽ വധീര (23)യും മുംബൈയെ മികച്ച ടോട്ടലിലെത്തിച്ചു. 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 182 റൺസാണ് മുംബൈ നേടിയത്. ലഖ്നൗവിനു വേണ്ടി നവീൻ ഉൾഹഖ് നാലും യാഷ് ഠാക്കൂർ മൂന്നും വിക്കറ്റുകൾ നേടി. മറുപടി ബാറ്റിങ്ങിൽ 16.3 ഓവറിൽ 101 റൺസെടുക്കുന്നതിനിടെ ലഖ്നൗ ഓൾ ഔട്ടായി.രണ്ടാം ഓവറിൽ തന്നെ പ്രേരക് മങ്കാഡിനെ ഷോക്കീന്റെ കൈകളിലെത്തിച്ച് മധ്വാൾ വിക്കറ്റ് വേട്ടക്ക് തുടക്കമിട്ടു. 18 റൺസെടുത്ത ഓപ്പണിങ് ബാറ്റ്സമാൻ കൈൽ മേയേഴ്സിനെ ക്രിസ് ജോർദാനും പുറത്താക്കി.മൂന്നാം വിക്കറ്റിൽ ക്യാപ്റ്റൻ ക്രുനാൽ പാണ്ഡ്യയും സ്റ്റോയിനിസും 46 റൺസ് കൂട്ടിച്ചേർത്ത് ലഖ്നൗവിന് പ്രതീക്ഷ നൽകി. എന്നാൽ എട്ട് റൺസെടുത്ത ക്രുനാലിനെ പീയുഷ് ചൗള ടിം ഡേവിഡിന്റെ കൈകളിലെത്തിച്ചു. ആയുഷ് ബഡോനിയേയും വെടിക്കെട്ട് വീരൻ നിക്കോളസ് പൂരനേയും അടുത്തടുത്ത പന്തുകളിൽ പുറത്താക്കി മധ്വാൾ ലഖ്നൗവിനെ സമ്മർദത്തിലാക്കി.തുടർന്നാണ് കളിയിലെ ഏറ്റവും വലിയ ട്വിസ്റ്റ് സംഭവിക്കുന്നത്. ഏഴാമാനായി ക്രസീലെത്തിയ ദീപക് ഹൂഡ കാരണം മൂന്ന് റണ്ണൗട്ട് വിക്കറ്റുകളാണ് മുംബൈയുടെ അക്കൗണ്ടിലേക്കെത്തിയത്. കാമറൂൺ ഗ്രീനെറിഞ്ഞ 12ാം ഓവറിലെ അഞ്ചാം പന്തിൽ രണ്ടാം റണ്ണിനായി ഒടുന്നതിനിടെ ഹൂഡയുമായ കൂട്ടിമുട്ടിയ സ്റ്റോയിനിസിന് ക്രീസിലേക്കെത്താനായില്ല. ടിം ഡേവിഡിന്റെ ത്രോ റണ്ണൗട്ടിലേക്ക് വഴിതിരിച്ച് വിട്ട ഇഷാൻ കിഷൻ മുംബൈക്ക് നിർണായക ബ്രേക്ക്ത്രൂ നൽകി. 27 പന്തിൽ 40 റൺസുമായി സ്റ്റോയിനിസ് മടങ്ങുമ്പോൾ ലഖ്നൗ സ്കോർ ആറിന് 89 മാത്രം ആയിരുന്നു. തുടർന്നെത്തിയ കൃഷ്ണപ്പ ഗൗതത്തിന്റെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. പീയുഷ് ചൗളയെറിഞ്ഞ 13ാം ഓവറിലെ മൂന്നാം പന്ത് ഗൗതം പേയിന്റിലേക്ക് കട്ട് ചെയതു. ഇത്തവണ ഗ്രീനിന് അത് കൈക്കുള്ളിലേക്കാക്കാൻ സാധിക്കുന്നില്ല. ഗൗതം റണ്ണിന് വേണ്ടി ഓടിയെങ്കിലും ഹൂഡ വേണ്ടെന്നു പറഞ്ഞു. ഇതിനിടെ ബോൾ കൈക്കലാക്കിയ രോഹിത് ശർമ ഡയരക്ട് ത്രോയിലൂടെ രണ്ട് റൺസെടുത്ത ഗൗതമിനെ പുറത്താക്കി. ഒമ്പതാമനായി ക്രീസിലെത്തിയ രവി ബിഷ്ണോയിയെ ആകാശ് മധ്വാൾ ക്രിസ് ജോർദാന്റെ കൈകളിലെത്തിച്ചു. പത്താമനായി ക്രീസിലെത്തിയത് നവീൻ ഉൾഹഖ് ആയിരുന്നു. 14ാം ഓവറിലെ അഞ്ചാം പന്ത് ബാക്ക്വാർഡ് പോയിന്റേലേക്ക് നവീൻ കളിച്ചെങ്കിലും കാമറൂൺ ഗ്രീൻ അതിമനോഹരമായ ഡൈവിലൂടെ പന്ത് കൈകളിലാക്കി. ഇതിനിടെ അനാവശ്യ റണ്ണിന് വേണ്ടി നോൺ സ്ട്രൈക്കർ എൻഡിൽ നിന്നും സട്രൈക്കർ എൻഡിലേക്ക് ഹൂഡ ഓടിയടുത്തു. എന്നാൽ നവീൻ ക്രീസിൽ തന്നെ തുടർന്നു. ഗ്രീൻ പന്ത് മധ്വാളിന് നൽകി. മധ്വാൾ നോൺസ്ട്രൈക്കർ എൻഡിൽ രോഹിത്തിന് ത്രോ നൽകുകയും ഹൂഡ(15)യെ പുറത്താക്കുകയും ചെയ്തു. തുടർന്ന് ചടങ്ങ് തീർക്കൽ മാത്രമായിരുന്നു കളി. 16ാം ഓവറിലെ മൂന്നാം പന്തിലെ ലോ ഫുൾടോസിലൂടെ മൊഹ്സിൻ ഖാനെ ക്ലീൻ ബൗൾഡാക്കി മധ്വാൾ മുംബൈക്ക് മിന്നും ജയവും മത്സരത്തിലെ അഞ്ചാം വിക്കറ്റ് നേട്ടവും ആഘോഷിച്ചു. മധ്വാളാണ് കളിയിലെ താരം. നാളെ ഗുജറത്തിനെതിരേയാണ് മുംബൈയുടെ ക്വാളിഫയർ മത്സരം. ജയിച്ചാൽ മുംബൈ-ചെന്നൈ എൽക്ലാസിക്കോ ഫൈനൽ പോരാട്ടത്തിനാകും അഹമ്മദാബാദ് സാക്ഷ്യം വഹിക്കുക.



ലഖ്നൗവിനെതിരേ വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ആകാശ് മധ്വാളിനെ അഭിനന്ദിക്കുന്ന സഹതാരങ്ങൾ




ഓൾ ഇന്ത്യാ കജുക്കാടോ കരാട്ടെ മത്സരത്തിൽ മികച്ച പ്രകടനം നടത്തിയ ആർവിയോൺസ് കാലിക്കറ്റ് ടീം

## ഓൾ ഇന്ത്യാ കജുക്കാടോ കരാട്ടെ മത്സരത്തിൽ ആർവിയോൺസ് കാലിക്കറ്റിന് മികച്ച വിജയം

കോഴിക്കോട്: മെയ് 20, 21 തീയതികളിൽ കോഴിക്കോട് കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടന്ന കജുക്കാടോ കരാട്ടെ നടത്തിയ ഓൾ ഇന്ത്യ ലെവൽ കരാട്ടെ ചാമ്പ്യൻഷിപ്പിൽ ആർവിയോൺസ് കാലിക്കറ്റിനെ പ്രതിനിധീകരിച്ച് നാല് പേർ പങ്കെടുക്കുകയും എല്ലാവരും മെഡൽ നേടുകയും ചെയ്തു. 32 കിലോഗ്രാമിൽ താഴെയുള്ള വരുടെ മത്സരത്തിൽ അവനിക സിൽവർ മെഡലും, 35 കിലോഗ്രാമിൽ താഴെ നിരഞ്ജൻ ഗോൾഡ് മെഡലും, 37 കിലോഗ്രാമിൽ താഴെ ദ്രൈഷ്ണ ഗോൾഡ് മെഡലും, 55 കിലോഗ്രാമിൽ താഴെ അഭിനവ് സിൽവർ മെഡലും കരസ്ഥമാക്കി.



സാമൂഹിക മേഖലയിൽ നൽകിയ സേവനം കണക്കിലെടുത്ത് റോട്ടേറിയൻ ആർ.ജയന്ത് കുമാറിനെ റോട്ടറി ഇന്റർനാഷണൽ മുൻ ഡിസ്ട്രിക്ട് ഗവർണർ റോട്ടേറിയൻ ഡോ. രാജേഷ് സുബാഷ് ആദരിച്ചപ്പോൾ. റോട്ടറി കാലിക്കറ്റ് മിഡ്ടൗൺ പ്രസിഡന്റ് അദീപ് സലിം സമീപം

# സുസ്ഥിര ക്ഷീരോൽപാദനം സമയബന്ധിതമായി നടപ്പിലാക്കും: മന്ത്രി ജെ. ചിഞ്ചുറാണി

തിരുവനന്തപുരം: 'സുസ്ഥിര ക്ഷീരോൽപാദനം' എന്ന ലക്ഷ്യം കൈവരിക്കാൻ പശുക്കളിലെ ഉൽപ്പാദനക്ഷമത വർധിപ്പിക്കാനുള്ള നിർദേശങ്ങൾ പ്രയോഗത്തിൽ വരുത്താനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുമെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. സർക്കാരിന് വേണ്ടി തിരുവനന്തപുരം ആനയറ സമിതിയിൽ മൃഗസംരക്ഷണ വകുപ്പ്, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്ങ് ഫെഡറേഷൻ, കേരള ഫീഡ്സ് എന്നിവർ ഒന്നിച്ച ശിൽപശാലയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കുതിക്കുന്ന ഈ ഘട്ടത്തിൽ സുസ്ഥിരമായ ക്ഷീരോൽപാദനം കൈവരിക്കുന്നതിന് കാലാനുസൃതമായി എന്തൊക്കെ മാറ്റങ്ങൾ വരുത്തണം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തി അവ നടപ്പിലാക്കുക എന്നതാണ് ഈ സർക്കാരിന്റെ അടുത്ത ലക്ഷ്യമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പശുക്കളുടെ എണ്ണമല്ല ഉൽപാദനക്ഷമത കൂട്ടുകയാണ് വേണ്ടത്. കേരളത്തിലെ പശുക്കളുടെ ജനിതകപരമായുള്ള പാലുൽപ്പാദന ക്ഷമത പൂർണമായി പ്രയോഗത്തിൽ വരുത്താൻ നമ്മുടെ കർഷകർക്ക് സാധിക്കുന്നില്ല. ഇതിന്റെ പ്രധാന കാരണങ്ങൾ കണ്ടെത്തുകയും ഒപ്പം പ്രത്യുൽപാദനക്ഷമത വർധിപ്പിക്കുന്നതിന് മുന്നിലുള്ള തടസ്സങ്ങളായ ഉയർന്ന തീറ്റ, പരിപാലനച്ചെലവ്, രോഗങ്ങൾ എന്നീ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനും കൂടിയാണ് കെ.എൽ.ഡി.ബിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ചേർന്ന് ശിൽപ്പശാല സംഘടിപ്പിച്ചത്. ആജീവനാന്ത ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ആരോഗ്യ സംരക്ഷണം, പ്രത്യുൽപാദന മാനേജ്മെന്റ്, ബ്രീഡിംഗ് മാനേജ്മെന്റ്, തീറ്റ ഉൾപ്പെടെയുള്ള കന്നുകാലി പരിപാലന തന്ത്രങ്ങൾ, ചെലവ് കുറഞ്ഞ സമ്പൂർണ്ണ പോഷകാഹാര രൂപവൽക്കരണം, ക്ഷീര സഹകരണ മേഖലയുടെ പരിപോഷണം, ഉൽപാദനച്ചെലവ് കുറയ്ക്കൽ, മൂല്യവർദ്ധന, ലാഭകരമായ ക്ഷീരോൽപാദന വിപണന തന്ത്രങ്ങൾ എന്നീ കാര്യങ്ങൾ ആണ് ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞു വന്നത്. ശിൽപ്പശാലയിൽ നിന്നും സംഗ്രഹിച്ച നിർദേശങ്ങൾ സംസ്ഥാന സർക്കാരിന്റെ മേൽ നടപടികൾക്കായി സമർപ്പിക്കും.

നെതർലാൻഡ് സ്വദേശിയും ക്ഷീരരംഗ വിദഗ്ധനുമായ ഡോ. ജാൻ മാസ്കെൻസും ശിൽപശാലയിൽ പങ്കെടുക്കാനെത്തി. അദ്ദേഹത്തിന്റെ പ്രയോഗികാനുഭവങ്ങൾ വിവരിച്ചു. കെ.എൽ.ഡി ബോർഡിന്റെ ജീനോമിക് ലാബിന് ലഭിച്ച എൻ.എബി.എൽ അക്രെഡിറ്റേഷൻ സർട്ടിഫിക്കേറ്റ് പ്രകാശനം മന്ത്രി ജെ. ചിഞ്ചുറാണി മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി പ്രണബ് ജ്യോതിനാഥ് ഐ.എ.എസിനു നൽകി നിർവഹിച്ചു. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി പ്രണബ് ജ്യോതിനാഥ് ഐ.എ.എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.എൽ.ഡി.ബി എം.ഡി. ഡോ. രാജീവ് സ്വാഗതം പറഞ്ഞു. മിൽമ ചെയർമാൻ കെ. എസ്. മണി, തിരുവനന്തപുരം മേഖലാ ചെയർമാൻ എൻ. ഭാസുരാംഗൻ, കേരള ഫീഡ്സ് എം.ഡി ഡോ. ബി. ശ്രീകുമാർ, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയരക്ടർ ഡോ. കെ. സിന്ധു, ഡയരക്ടർ ഓഫ് ക്ലിനിക്സ് (കെ.വി.എ.എസ്.യു) ഡോ. മാധവൻ ഉണ്ണി, ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയരക്ടർ ഡോ. ശാലിനി ഗോപിനാഥ്, ഡോ. അനിൽ കെ.എസ്, ഡോ. അജിത്, ഡോ. കിരൺ ദാസ്, ഡോ. പ്രസാദ്.എ, ഡോ. അവിനാശ് കുമാർ.ആർ, ഡോ. അനുരാജ് എന്നിവർ പങ്കെടുത്തു സംസാരിച്ചു. കെ.എൽ.ഡി.ബി ജനറൽ മാനേജർ ഡോ. ടി. സജീവ് കുമാർ നന്ദി പറഞ്ഞു.




മൃഗസംരക്ഷണ വകുപ്പ്, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്ങ് ഫെഡറേഷൻ, കേരള ഫീഡ്സ് എന്നിവരുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിൽപശാലയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുന്ന മന്ത്രി ജെ. ചിഞ്ചുറാണി

## മലബാറിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കണമെന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി

കോഴിക്കോട് : മലബാറിലെ പ്ലീസ് വൺ സീറ്റുകളുടെ കുറവ് പരിഹരിക്കാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി സംസ്ഥാന സെക്രട്ടറി നിസാർ ഒളവണ്ണ ആവശ്യപ്പെട്ടു. മലബാർ മേഖലയിൽ അര ലക്ഷത്തോളം സീറ്റുകളുടെ കുറവുണ്ടെന്നാണ് കണക്ക്. ഇത് വലിയ പ്രതിസന്ധി സൃഷ്ടിക്കും. കൂടുതൽ സീറ്റുകളും ബാച്ചുകളും അനുവദിച്ച് പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മലപ്പുറം ജില്ലയിലാണ് ഇത്തവണ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് യോഗ്യതനേടിയത്. എന്നാൽ ഇത്രയും വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ജില്ലയിൽ മതിയായ സൗകര്യം ഇല്ലെന്നത് പ്രതിസന്ധിയുടെ ആഴം കൂട്ടുകയാണ്. സർക്കാർ നിഷ്ക്രിയത്വം വെടിഞ്ഞു, പ്രശ്ന പരിഹാരത്തിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് നിസാർ ഒളവണ്ണ ആവശ്യപ്പെട്ടു.

വിദ്യാർത്ഥികളുടെ ഉപരിപഠനമേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ സർക്കാർ നടപടി ആവശ്യപെട്ട് സമാനമനസ്കരായ സംഘടനകളെ അണിനിരത്തി പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി മുന്നറിയിപ്പ് നൽകി.

## ആർ.ജെ.ഡി ലീഡേഴ്സ് മീറ്റ് 27, 28ന്

കോഴിക്കോട്: രാഷ്ട്രീയ ജനതാദൾ ലീഡേഴ്സ് മീറ്റ് 27, 28ന് മലബാർ പാലസിൽ വച്ച് നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ബീഹാർ ഉപമുഖ്യമന്ത്രി തേജസ്വിയാദവ് ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യും.

അഖിലേന്ത്യാ ജനറൽസെക്രട്ടറിമാരായ സന്തോഷ് ജയ്സ്വാൾ, സഞ്ജയ് യാദവ് എന്നീ ദേശീയ നേതാക്കൾ പങ്കെടുക്കും. രാജ്യത്തിനും മതേതരത്വത്തിനും ഭീഷണിയായിക്കൊണ്ടിരിക്കുന്ന വിഭജന രാഷ്ട്രീയത്തെ പരാജയപ്പെടുത്തുവൻ ലാലുപ്രസാദ് യാദവിനേയും ആർ.ജെ.ഡിയേയും പ്രതീക്ഷയോടു കൂടി മതേതര സമൂഹം ഉറ്റുനോക്കുന്ന ഈ കാലഘട്ടത്തിൽ സംസ്ഥാന ലീഡേഴ്സ് മീറ്റിന്റെ പ്രാധാന്യം വലുതാണെന്ന വർ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ ഫിറോസ്ഖാൻ എം.പി (സംസ്ഥാന വൈസ് പ്രസിഡന്റ്), വി.മനോഹരൻ (സംസ്ഥാന സെക്രട്ടറി), ഹനീഫ മനോളി (കോഴിക്കോട് ജില്ലാ പ്രസിഡന്റ്) എന്നിവർ സംബന്ധിച്ചു.

# ‘ചന്ദ്രിക നവതി’ ആഘോഷ പരിപാടികൾക്ക് പ്രൗഢമായ തുടക്കം

തലശ്ശേരി: ഒൻപത് പതിറ്റാണ്ടു കാലമായി മലയാളത്തിനു വെളിച്ചം പകർന്നു മുന്നേറുന്ന ചന്ദ്രിക ദിനപത്രത്തിന്റെ നവതി ആഘോഷ പരിപാടികൾക്ക് പത്രം ജന്മമെടുത്ത തലശ്ശേരിയിൽ തുടക്കം. ഒരു വർഷം നീളുന്ന ആഘോഷ പരിപാടികളുടെ ഉദ്ഘാടനം മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റും മുസ്ലിം പ്രിന്റിംഗ് ആൻഡ് പബ്ലിഷിങ് കമ്മിറ്റി മാനേജിങ് ഡയരക്ടറുമായ പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ നിർവഹിച്ചു. പി.കെ കുഞ്ഞാലിക്കുട്ടി എം.എൽ.എ അധ്യക്ഷത വഹിച്ചു. സ്വാഗത സംഘം ചെയർമാൻ അബ്ദുറഹ്മാൻ കല്ലായി സ്വാഗതം പറഞ്ഞു. സാഹിത്യകാരൻ കൽപറ്റ നാരായണൻ മുഖ്യ പ്രഭാഷണം നടത്തി. ഇ.ടി മുഹമ്മദ് ബഷീർ എം.പി, ഡോക്ടർ എം.കെ മുനീർ എം.എൽ.എ, പി.എം.എ സലാം, ഉമ്മർ പാണ്ടികശാല, കെ.സൈനുൽ ആബിദ് സഫാരി, പൊട്ടങ്കണ്ടി അബ്ദുള്ള, എഡിറ്റർ കമാൽ വരദൂർ, നജീബ് കാന്തപുരം എം.എൽ.എ, കല്ലട്ര മുഹമ്മദ് ഹാജി, സി.ടി അഹമ്മദ് അലി, അഡ്വ. കെ.എ.ലത്തീഫ്, ബഷീർ ചെറിയാണ്ടി, സി.കെ സുബൈർ, അരീബ്ര മുഹമ്മദ് മാസ്റ്റർ, പി.എം.എ സമീർ, സി.പി സെയ്തലവി, നവാസ് പൂനൂർ, ഷാനിദ് മേക്കുന്ന്, അബ്ദുൽകരീം ചേലേരി, കെ.ടി സഹദുള്ള, ടി.ടി ഇസ്മയിൽ തുടങ്ങിയവർ പങ്കെടുത്തു.



ഒരു വർഷം നീളുന്ന ചന്ദ്രിക ദിനപത്രത്തിന്റെ നവതി ആഘോഷ പരിപാടികളുടെ ഉദ്ഘാടനം മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ നിർവഹിച്ച് സംസാരിക്കുന്നു

# കോഴിക്കോട് ഡിസ്ട്രിക്ട് മർച്ചന്റ്സ് ആന്റ് വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം ഓഫിസ് പ്രവർത്തനോദ്ഘാടനം ചെയ്തു



കോഴിക്കോട് ഡിസ്ട്രിക്ട് മർച്ചന്റ്സ് ആന്റ് വെൽഫെയർ സൊസൈറ്റി ഓഫിസിന്റെ പ്രവർത്തനോദ്ഘാടനം ഔഷധ നിർമാണ കമ്പനിയായ ആന്തസ് ഫാർമസ്യൂട്ടിക്കൽസ് എക്സിക്യൂട്ടീവ് ഡയരക്ടർ ബാജി ജോസഫ് നിർവഹിക്കുന്നു

കോഴിക്കോട്: കോഴിക്കോട് ഡിസ്ട്രിക്ട് മർച്ചന്റ്സ് ആന്റ് വെൽഫെയർ സൊസൈറ്റി ഓഫിസ്, ഔഷധ നിർമാണ കമ്പനിയായ ആന്തസ് ഫാർമസ്യൂട്ടിക്കൽസ് എക്സിക്യൂട്ടീവ് ഡയരക്ടർ ബാജി ജോസഫ് പ്രവർത്തനോദ്ഘാടനം ചെയ്തു.

ചടങ്ങിൽ സംഘം പ്രസിഡന്റ് കെ.വി സുബ്രമണ്യൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് എൻ.സി മുഹമ്മദ് കോയ, സതീഷ് പാറന്നൂർ, രാമദാസ് വേങ്ങേരി, കെ.ശ്രീകുമാർ, ആസിഫ് കുന്നത്ത്, കെ.ഇബ്രാഹിം കുട്ടി മാസ്റ്റർ, സി.ബൈജു, സ്വർണലത, പി.സദാനന്ദൻ മാസ്റ്റർ, ചന്ദ്രൻ കടക്കനാഴി, വസന്ത.ആർ, ഗീത മനോഹരൻ, പി.ടി നിസാർ, പി. പ്രബീഷ് എന്നിവർ സംബന്ധിച്ചു. ഗ്രൂപ്പ് ഡെപ്പോസിറ്റ് വായ്പ, നിക്ഷേപ സെക്യൂരിറ്റി വായ്പ, വാഹന വായ്പ, ഉദ്യോഗസ്ഥ ജാമ്യ വായ്പ, ചെറുകിട കച്ചവട വായ്പ എന്നിവയോടൊപ്പം മറ്റ് സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും സംഘത്തിന്റെ നേതൃത്വത്തിൽ നടക്കുമെന്ന് പ്രസിഡന്റ് കെ.വി സുബ്രമണ്യൻ പറഞ്ഞു. ഈസ്റ്റ് നടക്കാവിൽ കൊട്ടാരം ക്രോസ് റോഡിലാണ് സൊസൈറ്റിയുടെ ആസ്ഥാനം.

## കേരള ടാക്സ് പ്രാക്റ്റീഷണേഴ്സ് അസോസിയേഷൻ എട്ടാം സംസ്ഥാന സമ്മേളനം 26, 27ന്

കോഴിക്കോട്: കേരള ടാക്സ് പ്രക്റ്റീഷണേഴ്സ് അസോസിയേഷൻ എട്ടാം സംസ്ഥാന സമ്മേളനം 26, 27 തിയതികളിൽ എം.എസ്.എം ജൂബിലിഹാളിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 26ന് രാവിലെ ഒമ്പത് മണിക്ക് സംസ്ഥാന പ്രസിഡന്റ് പി.എസ് ജോസഫ് പതാക ഉയർത്തും. വൈസ് പ്രസിഡന്റ് പി.സുബ്രമണ്യൻ അധ്യക്ഷത വഹിക്കും. പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് പി.എസ് ജോസഫ് ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി ബി.എൽ രാജേഷ് റിപ്പോർട്ടും ട്രഷറർ യു.കെ ദാവൂദ് വരവ് ചിലവ് കണക്കും അവതരിപ്പിക്കും. അംഗങ്ങൾക്കായി ഏർപ്പെടുത്തിയ അഞ്ച് ലക്ഷം രൂപയുടെ കുടുംബ ക്ഷേമനിധി ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും രണ്ട് കുടുംബങ്ങൾക്കുള്ള വിതരണവും മന്ത്രി ആന്റണിരാജു നിർവഹിക്കും.

27ന് ശനി രാവിലെ 10 മണിക്ക് എം.കെ രാഘവൻ എം.പി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യും. മേയർ ഡോ.ബീന ഫിലിപ് 25 വർഷം പൂർത്തിയാക്കിയ അംഗങ്ങളെ ആദരിക്കും. വിവിധ ജില്ലകളിൽ നിന്നായി 600 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

ജി.എസ്.ടി നിയമവുമായി ബന്ധപ്പെട്ട് വ്യാപാരികളും ടാക്സ് പ്രാക്റ്റീഷണർമാരും അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത് സർക്കാരിന് സമർപ്പിക്കും. കോർപറേഷൻ ശുചീകരണ തൊഴിലാളികളെ ചടങ്ങിൽ ആദരിക്കും. വാർത്താസമ്മേളനത്തിൽ പി.എസ് ജോസഫ്, ബി.എൽ രാജേഷ് എന്നിവർ പങ്കെടുത്തു.








പി.കെ മൊയ്തുണ്ണി അനുസ്മരണ യോഗത്തിൽ നിന്ന്

# പി.കെ മൊയ്തുണ്ണി അനുസ്മരണം നടത്തി

കോഴിക്കോട്: കഴിഞ്ഞ ദിവസം അന്തരിച്ച ഐ.എൻ.എൽ ഡെമോക്രാറ്റിക് സംസ്ഥാന വൈസ് പ്രസിഡന്റും റിട്ട. മേജറുമായിരുന്ന പി.കെ മൊയ്തുണ്ണി കർമ മണ്ഡലത്തിൽ സംശുദ്ധി കാത്ത് സൂക്ഷിക്കുകയും രാഷ്ട്രീയ-രാഷ്ട്രീയേതര ജീവിതത്തിലും തന്റേതായ വിശുദ്ധി സംരക്ഷിച്ച് കർമമണ്ഡലത്തെ ധന്യമാക്കിയ നേതാവായിരുന്നുവെന്ന് ഐ.എൻ.എൽ ഡെമോക്രാറ്റിക് സംസ്ഥാന പ്രസിഡന്റ് അഷ്റഫ് പുറവൂർ പറത്തു. ഇബ്രാഹിം സുലൈമാൻ സേട്ടുവിനൊപ്പം പ്രവർത്തിക്കുകയും പിന്നീട് ഐ.എൻ.എൽ പിളർന്നപ്പോൾ നേരിന്റെ പക്ഷത്ത് നിന്ന് ഐ.എൻ എൽ ഡെമോക്രാറ്റിക്കിന്റെ ഭാഗമാവുകയും സംസ്ഥാന വൈസ് പ്രസിഡന്റ് പദവി ഏറ്റെടുത്ത് പാർട്ടിയെ ചലിപ്പിക്കാൻ ക്രിയാത്മകമായി ഇടപെട്ട വ്യക്തിത്വമായിരുന്നു. എന്നും മൂല്യാധിഷ്ഠിത രാഷ്ട്രീയം ഉയർത്തിപ്പിടിക്കുകയും അവസരങ്ങൾ ഏറെ ലഭിച്ചിട്ടും അധികാര രാഷ്ട്രീയത്തോട് വിട്ട് നിന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് തീരാനഷ്ടമായി അവശേഷിക്കുന്നുവെന്നും ഐ.എൻ.എൽ ഡെമോക്രാറ്റിക് സംസ്ഥാന കമ്മിറ്റി നടത്തിയ അനുശോചന യോഗത്തിൽ അശ്റഫ് പുറവൂർ പറഞ്ഞു. സംസ്ഥാന ജനറൽ സെക്രട്ടറി കരീം പുതുപ്പാടി അനുശോചന പ്രമേയം അവതരിപ്പിച്ചു. ഇസ്മായിൽ ഹാജി ആലപ്പുഴ, എ.കെ ഷാജഹാൻ, എം.കെ ഹനിഫ, സക്കീർ ചെമ്മാണിയോട്, പി.കെ സുലൈമാൻ, വേലായുധൻ എടക്കഴിയൂർ, ഉസ്മാൻ ചീനപ്പുള്ളി, പി.കെ കൃഷ്ണൻ, സലാം വളപ്പിൽ, റഷീദ് കണ്ണാടി പറമ്പ്, അഹമ്മദ് കബീർ, നൗഷാദ് കേച്ചേരി തുടങ്ങിയവർ സംസാരിച്ചു.



സമഗ്ര ശിക്ഷ കോഴിക്കോടിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്കഫോൾഡ് അവധിക്കാല റസിഡൻഷ്യൽ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചതിന് ശേഷം വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നു

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.